DESPATCHED
On 08/06/2020

11.3.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2249*(2)/2015*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14797**/എസ്.ഐ.സി-ജി 6/15)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി റാണി,
ഹരി ഭവനം, കീഴ്ചേരിമേൽ പി.ഒ.,
ചെങ്ങന്നൂർ.
} അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
പോലീസ് ഇൻസ്പെക്ടർ,
പോലീസ് ഇൻസ്പെക്ടറുടെ കാര്യാലയം,
ചെങ്ങന്നൂർ.

2. അപ്പീൽ അധികാരി&
പോലീസ് സർക്കിൾ ഇൻസ്പെക്ടർ,
പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ
കാര്യാലയം, ചെങ്ങന്നൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30.05.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28.07.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.08.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 11.09.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 15.09.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി റാണി, 11.09.2015ന്

സമർപ്പിച്ച അപ്പീൽ ഹർജി 15.09.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2249(2)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കാത്ത തിനെ തുടർന്ന് സമർപ്പിച്ച അപ്പീലിനും തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 30.05.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 01.09.2015ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷ 25.08.2015ന് ടി ഓഫീസിൽ ലഭിക്കുകയും പ്രസ്തുത അപേക്ഷ പരിശോ ധിച്ചതിൽ ചെങ്ങന്നൂർ പോലീസ് സബ് ഇൻസ്പെക്ടർക്ക് സമർപ്പിച്ച അപേക്ഷ യിൽ സമയപരിധിയ്ക്കുള്ളിൽ മറുപടി ലഭിയ്ക്കാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് 14.08.2015ന് മറുപടി ലഭ്യമാക്കിയെന്നുമാ ണ്.

4. ഒന്നാം എതിർകക്ഷി 14.10.2015ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരി 29.07.2015ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 14.08.2015ന് മറുപടി നൽകിയിട്ടുണ്ടെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് സമയ ബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല. 14.01.2020ന് കമ്മീഷൻ മുമ്പാകെ ഹാജരാകാൻ ചെങ്ങന്നൂർ പോലീസ് സ്റ്റേഷ നിലെ എസ്പ.പി.ഐ.ഒ.യ്ക്ക് നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരാ യില്ല മറ്റൊരു ഓഫീസറെ ചുമതലപ്പെടുത്തി കത്തു നൽകിയിരുന്നു. എന്നാൽ 17.01.2020ന് ടിയാനെ കേൾക്കാൻ അവസരം നൽകുകയും ചെങ്ങന്നൂർ എസ്.പി. ഐ.ഒ. ഹാജരാകുകയും ചെയ്തു. 14.01.2020ന് ടിയാന് ലാ & ഓർഡർ ഡ്യൂട്ടി ഉണ്ടായിരുന്നതിനാലാണ് മറ്റൊരാളെ ചുമതലപ്പെടുത്തിയിരുന്നതെന്നും അപ്പീൽ ഹർജിക്കാരി 30.05.2015ന് നൽകിയ അപേക്ഷയിൽ ചെങ്ങന്നൂർ പോലീസ് സ്റ്റേഷ നിൽ 29.05.2015ന് നടന്ന ഒരു സംഭവവുമായി ബന്ധപ്പെട്ട് വിവരങ്ങൾ ആവശ്യപ്പെ ട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നതായും ആയതിന്റെ മറുപടി ലഭിച്ചില്ല എന്നു കാണിച്ചുകൊണ്ട് 30.07.2015ന് ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നതും ആയതിന് 14.08.2015ന് മറുപടി നൽകിയിട്ടുള്ളതായും രേഖകൾ പരിശോധിച്ചതിൽ നിന്നും

വ്യക്തമായിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 11-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
/Ge/

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM